പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 632 | 30.06.2016-ൽ മറുപടിക്ക്

## ഇതര സംസ്ഥാന തൊഴിലാളികളുടെ വിശദാംശങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ബി.ഗണേഷ് കുമാർ | ശ്രീ. റ്റി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) കേരളത്തിൽ പണിയെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ എണ്ണം കണക്കാക്കുകയും അവരുടെ തിരിച്ചറിയൽ രേഖകളുടെ വിശദാംശങ്ങൾ ശേഖരിയ്ക്കുകയും ചെയ്തിട്ടുണ്ടോ; വിശദീകരിയ്ക്കുമോ? | (എ) തൊഴിൽ വകുപ്പിന്റെ ആവശ്യപ്രകാരം 2013-ൽ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ ഏറ്റെടുത്ത് നടത്തിയ പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് 25 ലക്ഷത്തിലധികം ഇതര സംസ്ഥാന തൊഴിലാളികൾ വിവിധ മേഖലകളിൽ തൊഴിൽ ചെയ്യുന്നതായി കണ്ടെത്തിയിരുന്നു. 2010-ൽ സംസ്ഥാന സർക്കാർ നടപ്പിലാക്കിയ കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൻ കീഴിൽ 53,136 കുടിയേറ്റ തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൻ കീഴിൽ തിരിച്ചറിയൽ കാർഡുകൾ കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ് മുഖേന നൽകിയിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിനായി സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ മാതൃകയിൽ ഒരു പദ്ധതി ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചു വരുന്നു. ഇതിലൂടെ ഇതര സംസ്ഥാന തൊഴിലാളികളുടെ കൃത്യമായ വിവര ശേഖരണം നടത്താനും ഒപ്പം അവർക്ക് |

തിരിച്ചറിയൽ കാർഡ് നൽകി പദ്ധതി പരിരക്ഷ ഉറപ്പു വരുത്തുന്നതിനും കഴിയും.

(ബി) പ്രസ്തുത തൊഴിലാളികളുടെ വരവ്-പോക്കുകൾ, ജോലിസ്ഥലം എന്നിങ്ങനെയുള്ള വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കാനുള്ള സംവിധാനം നിലവിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(ബി) 1979-ലെ ഇൻർ സ്റ്റേറ്റ് മൈഗ്രന്റ് വർക്കേഴ്സ് (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് & കണ്ടീഷൻ ഓഫ് സർവ്വീസസ്സ്) ആക്ട് പ്രകാരം അഞ്ചോ അതിലധികമോ കുടിയേറ്റ തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളെ രജിസ്റ്റർ ചെയ്യിക്കുകയും കരാറുകാർക്ക് ലൈസൻസ് നൽകുകയും ചെയ്തു വരുന്നു. ഈ കരാറുകാർ മുഖേന സംസ്ഥാനത്ത് കെട്ടിട നിർമ്മാണം, പ്ലൈവുഡ്, ഇരുമ്പുരുക്ക് നിർമ്മാണം, ചെങ്കൽ/ വെട്ടുകല്ല്, ഖനന മേഖല, ഹോട്ടൽ, റസ്റ്റോറന്റ് എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ വിവരം ശേഖരിക്കുവാൻ കഴിയുന്നുണ്ട്. എന്നാൽ ഏറിയ കൂറും നിയമം അനുശാസിക്കുന്ന തരത്തിൽ കരാറുകാർ മുഖേന അല്ലാതെ ഇതര സംസ്ഥാന തൊഴിലാളികളെ സംസ്ഥാനത്ത് ജോലി ചെയ്യിക്കുന്നതിനാൽ അവരുടെ വരവ് പോക്ക് സംബന്ധിച്ച വ്യവസ്ഥകൾ പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമാകാതെ വരുന്ന സാഹചര്യം നിലവിലുണ്ട്.

(സി) ഇതര സംസ്ഥാന തൊഴിലാളികൾ മുഖേന പകർച്ചവ്യാധികൾ വ്യാപിക്കാൻ ഇടയാകുന്നതിനാൽ സംസ്ഥാനത്ത് എത്തുമ്പോൾ ഇവർക്കുവേണ്ടി ഏതെങ്കിലും തരത്തിലുള്ള നിർബന്ധ ആരോഗ്യ പരിശോധനാ സംവിധാനം ഒരുക്കിയിട്ടുണ്ടോ; വിശദീകരിക്കാമോ;

(സി) സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ടാസ്ക് ഫോഴ്സിന്റെ യോഗം കൂടുകയും ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന അവരുടെ വാസസ്ഥലങ്ങളിലും തൊഴിലിടങ്ങളിലും ടി വകുപ്പുകളെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ സംയുക്ത പരിശോധനകൾ നടത്തുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | ആരോഗ്യ വകുപ്പിലെ അധികൃതരുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകി വരുന്നു. ഇവർക്കായി തൊഴിൽ വകുപ്പ് മുൻകൈയെടുത്ത് മെഡിക്കൽ ക്യാമ്പുകളും വിവിധ രീതിയിലുള്ള ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. |
| (ഡി) | സംസ്ഥാനത്ത് നടക്കുന്ന പല കുറ്റകൃത്യങ്ങളിലും ഇതരസംസ്ഥാന തൊഴിലാളികൾ പങ്കാളികളാകുന്ന സാഹചര്യത്തിൽ ഇവരെ നിരീക്ഷിക്കാനും നിയന്ത്രിക്കാനുമുള്ള എന്തെങ്കിലും സംവിധാനം ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ